**Mathrubhumi**

**26.03.2025**

# പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ 58; നഷ്ടത്തിൽ 66

തിരുവനന്തപുരം ▸ സംസ്ഥാനത്ത് 58 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ. 66 എണ്ണം നഷ്ടത്തിലും. നാലെണ്ണം ലാഭമോ നഷ്ടമോ ഇല്ലാത്ത സ്ഥിതിയിൽ.

തൊട്ടുമുൻപത്തെ വർഷത്തെ അപേക്ഷിച്ച് മൂന്നുപൊതുമേഖലാ സ്ഥാപനങ്ങൾകൂടി നഷ്ടത്തിലേക്കുപോയി. പൊതുമേഖലാസ്ഥാപനങ്ങളുടെ, കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലാണ് കണക്കുകളുള്ളത്. റിപ്പോർട്ട് നിയമസഭയിൽവെച്ചു. 2022 ഒക്ടോബർമുതൽ 2023 സെപ്റ്റംബർവരെയുള്ള കണക്കാണിത്.

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ, 2020-21 വർഷം 68 സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു. ഇവയുടെ അറ്റനഷ്ടം 16,651 കോടിരൂപയും. ഈ നഷ്ടം 2021-22-ൽ 8047 കോടിയായി കുറച്ചു. എന്നാൽ, സി.എ.ജി.യുടെ പുതിയ കണക്കനുസരിച്ച് നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ അറ്റനഷ്ടം 10,834 കോടിയായി ഉയരുകയാണുചെയ്തത്. കെഎസ്ആർടിസിയുടെ നഷ്ടം 1000 കോടിക്കുമുകളിലാണ്.

44 പൊതുമേഖലാസ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തെക്കാൾ കൂടുതലാണ് അവയുടെ മൊത്തം നഷ്ടം. ഈ സ്ഥാപനങ്ങളുടെ മൊത്തം കടം 4310.63 കോടിയും അവയുടെ മൊത്തം ആസ്തി 1499.98 കോടിയുമാണ്.

## കൂടുതൽ ലാഭം കെഎസ്ഇബിക്ക്, 736.27 കോടി

ലാഭത്തിലുള്ള സ്ഥാപനങ്ങളുടെ മൊത്തം ലാഭത്തിന്റെ 61.50 ശതമാനവും കെഎസ്ഇബിയുടെയും കെഎഫ്സിയുടെയും വിഹിതമാണ്. 736.27 കോടിയാണ് കെഎസ്ഇബിയുടെ ലാഭം. കെഎഫ്സിക്ക് 105.49 കോടി ലാഭമുണ്ട്.